## 11
# മറ്റു ചിന്തകൾ, 1

### പാപം

ദിവസേനയുള്ള നടപ്പ് എന്നത് ദൈവത്തോടുകൂടെ പ്രവർത്തിക്കുന്നതും, ദൈവത്തോടു പറ്റിച്ചേരുന്നതും, ദൈവബോധം ഉള്ളവരാകുന്നതും, ദൈവത്തെ അനുസരിക്കുന്നതും, ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നതാണ്. അതു ചെയ്യാതിരിക്കുന്നതിനു നമ്മെ തടസപ്പെടുത്തുന്നത് എന്താണ്? കുറ്റവാളിയാണ് പാപം. മറ്റു തെറ്റുകളെല്ലാം പാപത്തിന്റെ ലക്ഷണങ്ങൾ മാത്രമാണ്. പാപം ദൈവത്തിനും, അവന്റെ സ്നേഹത്തിനും, നിയമത്തിനും എതിരാണ്. ദൈവം പാപത്തെ വെറുക്കുന്നു. യഥാർത്ഥ ആത്മിയതയുടെ അടിസ്ഥാന ലക്ഷണ മാണ് പാപത്തെകുറിച്ചുള്ള അവബോധം. യേശു പാപികളെ രക്ഷിപ്പാനാണ് വന്നത്. ദൈവത്തെ നമ്മിൽ നിന്നകറ്റുന്നത് നമ്മുടെ പാപങ്ങളാണ്. പാപത്തി ലുള്ളവർ മരിച്ചവരാണ് (എഫെസ്യർ 2:1). മരിച്ച ആൾക്ക് ചികിൽസ ആവശ്യ മില്ല; അവർക്ക് ജീവൻ ആണ് വേത്. ക്രിസ്ത്യാനിത്വം തന്നെ ഒരു സുവി ശേഷം (ഒരു തത്വശാസ്ത്രത്തേക്കാളുപരി) ആണ്. ക്രിസ് ത്യാനിത്വം മാത്ര മാണ് നമ്മുടെ യഥാർത്ഥ പ്രശ്നം കൈകാര്യം ചെയ്യുന്നത് - *പാപം*! പാപം 100 ശതമാനവും നാശമാണ്. യേശു 100 ശതമാനവും രക്ഷകനാണ്. തന്റെ ഓരോ പംക്തിയും "ലോകത്തിനു എന്തു പറ്റി?" എന്നു ചോദിച്ചുകൊ് അവ സാനിപ്പിക്കുന്ന *ല ൺ ടൈം സ്*ന്റെ എഴുത്തുകാരനോടുള്ള പ്രതികരണ മായി, ജി.കെ. ചെസ്റ്റർട്ടൺ പറഞ്ഞതു:

> പ്രിയ പത്രാധിപരേ:
> ലോകത്തിനു എന്തു പറ്റി? എനിക്കാണ് കുഴപ്പം.
>
> വിശ്വസ്തതയോടെ,
> ജി.കെ.ചെസ്റ്റർട്ടൺ[1]

പാപത്തിനുള്ള ചികിൽസ പരാജയപ്പെടും. ആത്മാവിനെയും, പാപത്തെ യും, രക്ഷയെയും കുറിച്ചു മനശാസ്ത്രത്തിനു പറയുവാൻ സാധ്യമല്ല. ഇന്ന് പാപം "പുറത്താണ്." ബൈബിൾ പ്രസംഗം പോലെ അത്ര അധികം ആളു കൾക്ക് ഇടർച്ച വരുത്തുന്ന മറ്റൊന്നില്ല. ഇന്നത്തെ പാപം പാപത്തെ കുറ്റം വിധിക്കുന്നതുമാത്രമാണ്. നാം കേൾക്കുന്നത്, "പക്ഷെ ഞാൻ ഒരു തെറ്റും ചെയ്യാത്ത, നല്ല വ്യക്തിയാണ്" എന്നാണ്. *അല്ല!* നിങ്ങൾ ഒരു പാപിയാണ്; നിങ്ങൾ മാനസാന്തരപ്പെടണം.

സഭാബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന ബാഹ്യ രൂപരേഖക്ക്, നാം ഡേവിഡ് ഫെഡിസിനോടു കടപ്പെട്ടിരിക്കുന്നു:

പാപം ചെയ്യുന്ന മൂന്നു കാര്യങ്ങൾ

(1) പാപം ഒരു കടം ആണ് (മത്തായി 6:12-15).
(2) പാപം നമ്മെ അകറ്റുന്നു (യെശയ്യാവ് 59:1, 2; റോമർ 3:10, 23).

(3) നാം മരിച്ചവരെന്നു പാപം നമ്മോടു പറയുന്നു (എഫെസ്യർ 2:1).

രക്ഷയുടെ മൂന്നുകാര്യങ്ങൾ

(1) യേശു നമ്മെ വീടെടുത്തു (എഫെസ്യർ 2:13–15).
(2) യേശു നമ്മെ നിരപ്പിച്ചു (എഫെസ്യർ 2:16; 2 കൊരിന്ത്യർ 5:17–21).
(3) യേശു നമ്മെ വീണ്ടും ജനിപ്പിക്കുന്നു (യോഹന്നാൻ 3:3, 5, 7; 2 കൊരിന്ത്യർ 5:17; 1 പത്രൊസ് 1:18–25).

നമ്മെക്കാളധികം പാപത്താൽ വെറുപ്പു അനുഭവപ്പെടുന്നത് ദൈവത്തിനാണ്. ദൈവത്തിന്റെ നിലവാരം അനുസരിച്ചാണ് പാപത്തെ നാം അളക്കേണ്ടത് – അല്ലാതെ നമ്മുടെയോ സമൂഹത്തിന്റെയോ നിലവാരം അനുസരിച്ചല്ല. ഏതു പാപമായാലും അതു ദൈവത്തിനെതിരാണെന്നുള്ളതാണ് ഏറ്റവും പരിതാപകരം. മോഹത്താലുാകുന്നതാണ് ഏതു പാപവും (യാക്കോബ് 1:12–15), അതായത്, അത് ഒരാളുടെ സ്വന്തം ഹൃദയത്തിൽ നിന്നു ഉാകുന്നതാണ്. എങ്കിലും, ദൈവത്തിനു പ്രവർ ത്തിക്കുവാനുള്ളതെല്ലാം പാപികളിലാണ് എന്ന കാര്യം, മറക്കരുത്. നാം ഓരോരുത്തരും “വളരെ അധികം” പാപം ചെയ്യാത്തതിൽ സംതൃപ്തരാണ്. യോഹന്നാൻ ഒരു പാപവും ചെയ്യുവാൻ ആഗ്രഹിച്ചില്ല (1 യോഹന്നാൻ 2:1, 2). ഞാൻ എത്രത്തോളം കാലം ജീവിക്കുന്നുവോ, അത്രത്തോളം കാലം സ്വർഗം എന്നിൽ വാസ്തവമായി തീരും. ആ മനോഹരമായ സ്ഥലത്ത്, *പാപം ഇല്ല*!

**നന്ദിയും തൃപ്തിയും**

താഴ്മയുടെ മാതാവാണ് നന്ദി. ദിവസം മുഴുവൻ പ്രാർത്ഥിച്ചുകൊിരിക്കുക. ദിവസം മുഴുവൻ പുകഴ്ത്തിക്കൊിരിക്കുക. അനുഗ്രഹങ്ങളെ എണ്ണിക്കൊിരിക്കുക. ദൈവത്തിൽനിന്നു നമുക്ക് ദിവസേന “അസംഖ്യം” അനുഗ്രഹങ്ങൾ ലഭിക്കുന്നത്: ശ്വസിക്കുവാനും, ജീവിക്കുവാനും, ആസ്വദിക്കുവാനുമാണ്. ദൈവത്തെ അറിയുക എന്നാൽ ദൈവത്തിനു നന്ദി കരേറ്റുക എന്നർത്ഥം. ദൈവത്തെ ആരാധിക്കുക എന്നാൽ ദൈവത്തിനു നന്ദി സൂചിപ്പിക്കുകയാണ്. പ്രപഞ്ചത്തിന്റെ അലിഖിത നിയമമാണ് നന്ദി ചെലുത്തൽ. ദിവസേന ദൈവത്തോടു നന്ദി പറയുക. ഏതെങ്കിലും കാര്യം തുടരെതുടരെ ഇരുപത്തി-ഒന്നു പ്രാവശ്യം ചെയ്താൽ അത് ഒരു ശീലമായി മാറും. നന്ദിചെലുത്തൽ നിങ്ങളുടെ സ്വഭാവവും, ശീലവുമാക്കുക. എന്തു സംഭവിച്ചാലും, നന്ദി പറയുവാൻ മറക്കരുത് (1 തെസലൊനിക്യർ 5:18). ദൈവം നമ്മിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത്? അവൻ ആഗ്രഹിക്കുന്നത് നാം ഇങ്ങനെ പറയുന്നത് കേൾക്കുവാനാണ്, “നിനക്കു സ്തോത്രം!” ഒരു യാചകനു അതിൽ കൂടുതൽ എന്തു പറയുവാൻ കഴിയും?

ദൈവസാന്നിധ്യത്തിൽ പൂർണ്ണമായും സന്തോഷത്തോടെയും ജീവിക്കേതിനാണ് ദിവസേനയുള്ള നടപ്പ്. മിക്കപേരും തൃപ്തിയോടെ കഴിയുന്നതിൽ പരാജയപ്പെടുന്നു, എന്നാൽ പൗലൊസ് പരാജയപ്പെട്ടില്ല. നല്ല സമയത്തും മോശപ്പെട്ട സമയത്തും തൃപ്തിയോടെ ഇരിപ്പാൻ പൗലൊസ് ശീലിച്ചു (ഫിലിപ്പിയർ 4:11–13). എന്റെ അനുഭവത്തിൽ, സമൃദ്ധിയുള്ള അവസ്ഥയെ കൈകാര്യം ചെയ്യുന്നതിനേക്കാൾ എനിക്ക് വിഷമകരമായ അവസ്ഥ നന്നായി

കൈകാര്യം ചെയ്യുവാൻ കഴിയും. വിജയം, പണം, അധികാരം എന്നിവ കൈകാര്യം ചെയ്യുവാൻ കുറച്ചു പേർക്ക് കഴിയും. ദരിദ്രനായ ഒരു സ്നേഹി തൻ ഒരിക്കൽ പെട്ടെന്നു ധനവാനായി തീർന്നു. അപ്പോൾ അയാൾ തന്റെ ജീവിതരീതിയെ മാറ്റുക മാത്രമല്ല, സ്വയമായുള്ള മനോഭാവത്തെയും നശി പ്പിച്ചു. കണ്ണുനീരോടെ, ഞാൻ അയാളോടു പറഞ്ഞു, "നിങ്ങൾ ദരിദ്രനായിരു ന്നപ്പോഴായിരുന്നു എനിക്ക് നിങ്ങളെ കൂടുതൽ ഇഷ്ടം." തൃപ്തി എന്നു പറ ഞ്ഞാൽ നമുക്ക് എന്തു് എന്നുള്ളതല്ല, പിന്നെയോ നാം ആരാണ് (ആരുടെ) എന്നുള്ളതാണ്. തൃപ്തി എന്നതു ഇല്ലായ്മ അല്ല, നിലവിലുള്ളതാണ്.

**************

# താഴ്മ + കീഴ്പ്പെടൽ = അനുസരണമുള്ള ദാസൻ, 2

## യാക്കോബ് 4:6-10

> "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. ഭാര്യമാരേ, കർത്താവിന്നു എന്നപോലെ, നിങ്ങളുടെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ" *(എഫെസ്യർ 5:21, 22).*

ഒരു ക്രിസ്ത്യാനിയുടെ വാക്കും നടപ്പും ഒരുപോലെ ഇരിക്കണം. 1998-ൽ ഉത്താഹിലെ, സാൾട്ട് ലെയിക്ക് സിറ്റിയിൽ വെച്ച് സതേൺ ബാപ്റ്റിസ്റ്റുകാർ അവരുടെ ഒരു ദേശീയ കൺവെൻഷൻ നടത്തി. അവർ എപ്പോഴെങ്കിലും വാർത്ത ഉാക്കിയോ! (1) അവർ "വാതിലിൽ മുട്ടി!" സാൾട്ട് ലെയിക്ക് സിറ്റി എന്നത് മോർമോൺസിന്റെ ഉത്ഭവസ്ഥാനമാണ്, അവരാണ് ചെന്നു വാതി ലിൽ മുട്ടി ആളുകളെ അവരുടെ പരിപാടികൾ അറിയിക്കുന്നത്! ഈ പ്രാവശ്യം, ബാപ്റ്റിസ്റ്റുകാർ വന്നു തങ്ങളുടെ വാതിലുകളിൽ മുട്ടുന്നു! അവർ ഞെട്ടിപ്പോ യി. അതു രസകരമായ ഭാഗം മാത്രം. അതിലും കൂടുതൽ നടന്നു: സതേൺ ബാപ്റ്റിസ്റ്റുകാർ അവരുടെ ബൈബിൾ തുറന്നു "കീഴടങ്ങൽ" എന്നതിനെ കുറിച്ചു വായിക്കുവാനും പ്രസംഗിക്കുവാനും ധൈര്യപ്പെട്ടില്ല. ഉദാരതയുള്ള മാദ്ധ്യമത്തിനു ഭ്രമം ഉായി. അത് ലോകാവസാനമായിരിക്കുമെന്ന് നിങ്ങൾ കരുതും! അക്ഷരികമായി സതേൺ ബാപ്റ്റിസ്റ്റുകാരെ "വേദിയിൽ നിന്നും പുറത്താക്കി." അവർ അധിക്ഷേപിക്കപ്പെട്ടു, വാക്കുകളാൽ ക്രൂശിക്കപ്പെട്ടു. സഹിഷ്ണുത പുലർത്തുവാൻ ശ്രമിച്ചവർ ഏറ്റവുമധികം അസഹിഷ്ണുത യുള്ളവരായി മാറി. *കീഴടങ്ങൽ!* അത് ഒരു നിസ്സാരമായ വാക്കാണ്. അത് പറ ഞ്ഞപ്പോൾ ഉള്ള പ്രതികരണമെന്തായിരുന്നു? നിങ്ങളുടെ മുഖത്തേക്ക് തൃജി ക്കലും, പ്രതിരോധവും, മുഷ്ടിചുരുട്ടി ആഞ്ഞടിക്കും! ആ വാക്കു പറയുക എന്നത് പെട്ടെന്നുള്ള യുദ്ധമാണ്! ആ വാക്ക് അർത്ഥവത്താണോ? *അതെ!* ആ വാക്ക് ബൈബിൾപരമാണോ? *അതെ!*

ആ നിഷ്കളങ്കമായി ചെറിയ വാക്ക്, മറ്റു എന്തിനെക്കാളും, നമ്മുടെ സമൂ ഹത്തിന്റെ സ്വാർത്ഥതയെ നാടകീയമായി കാണിക്കുന്നു. അത് മതത്തെ അവ കാശപ്പെടുന്നവരെ സംബന്ധിച്ചും മതത്തെ തള്ളിക്കളയുന്നവരെ സംബ

ഡിച്ചും വാസ്തവമാണ്. നമ്മുടെ രാമത്തെ പാഠത്തിലേക്ക് ചിന്തയെ കൊുവരാം: താഴ്മ + കീഴ്പ്പെടൽ = അനുസരണമുള്ള ദാസന്മാർ, "താഴ്മ അധികം കീഴ്പ്പെടൽ സമം അനുസരണമുള്ള ദാസന്മാർ." നമ്മുടെ ഹൃദയ ത്തിൽ താഴ്മക്ക് ഊഷ്മളമായ ഒരു സ്ഥാനമു്. കീഴ്പ്പെടൽ നമ്മുടെ രക്തത്തെ തണുപ്പിക്കുന്നു. കീഴ്പ്പെടൽ "രാഷ്ട്രീയപരമായി ശരി" യല്ല. നമുക്ക് താഴ്മ ഇഷ്ടമാണ്; കീഴ്പ്പെടൽ നമുക്ക് ഇഷ്ടമല്ല. എങ്ങനെയായാലും, താഴ്മയെ കുറിച്ച് അധികവിൽപനയുള്ള പുസ്തകമൊന്നും ഇതുവരെ എഴു തിയിട്ടില്ല. കീഴ്പ്പെടലിനെ കുറിച്ചുള്ള ഒരു പുസ്തകവും ഞാൻ കിട്ടില്ല. ഈ പാഠം നമ്മുടെ പരമ്പരകളിൽ മൂന്നാമതായി വരേതാണ്, എന്നാൽ മിക്കപേരും "കീഴ്പ്പെടൽ" എന്ന വാക്ക് കപ്പോൾ അവരുടെ വായന അല്ലെ ങ്കിൽ ശ്രദ്ധ അവസാനിപ്പിച്ചിരിക്കാം! ഞാൻ വിചാരിക്കുന്നത് പതിനൊന്നുപാ ഠങ്ങളിൽ എത്തുമ്പോഴേക്കും നിങ്ങൾ പക്വതയിൽ എത്തുന്നതുകൊ് ചുരു ങ്ങിയത് അതിനെ പരിഗണിക്കും എന്നാണ്. താഴ്മ ഒരു മാർഗ്ഗമാണ്, അല്ലാതെ അവസാനമല്ല. കീഴ്പ്പെടേതിനാണ് നിങ്ങൾ താഴുന്നത്. താഴ്മയും കീഴ്പ്പെ ടലും ദാസന്മാരെ ഉാക്കുന്നു! സാമുവേൽ വിൽബെർഫോഴ്സ് പറഞ്ഞു, "ക്രിസ്ത്യാനിത്വത്തെ നാലു വാക്കുകളിലേക്ക് ചുരുക്കാം: സമ്മതിക്കുകയും, കീഴ്പ്പെടുകയും, സമർ പ്പിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുക."[2] സമർപ്പണത്തിന്റെ വില എല്ലാവരും ഗ്രഹിക്കുന്നു്, എന്നാൽ ഒരാൾ *സമർപ്പിക്കപ്പെടു*വാൻ *കീഴ്പ്പെട*ണം! നിങ്ങൾ കീഴ്പ്പെടൽ നിരസിക്കു മ്പോൾ, നിങ്ങൾ സമർപ്പണത്തെ നശിപ്പിക്കുന്നു. നമ്മുടെ "ജനത്തിന്റെ പ്രശ്നം" ഒരു കീഴ്പ്പെടൽ പ്രശ്നമാണ്. ജീവിതത്തിലെ പ്രധാനപ്പെട്ടതായ പാഠം കീഴ്പ്പെടലാണ്. ആരാധന, ചുരുക്കി പറഞ്ഞാൽ, കീഴടങ്ങലാണ്.

### കീഴടങ്ങലും ത്രിത്വവും

ദൈവസാദൃശ്യത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപത്തി 1:26, 27). നാം ദൈവത്തെ പോലെ, യേശുവിനെ പോലെയാകണം. ദൈവത്തെ "ദൈവീക ത്വം," അല്ലെങ്കിൽ ത്രിത്വമായിട്ടാണ് ബൈബിൾ വെളിപ്പെടുത്തിയിരിക്കുന്നത്. പിതാവായ ദൈവം; പുത്രനായ ദൈവം; ആത്മാവായ ദൈവം. അവർ തുല്യ മായി ദൈവമാണ്. കീഴടങ്ങലിന് ഉയർന്ന മനോഭാവം അല്ലെങ്കിൽ താഴ്ന്ന മനോഭാവവുമായി യാതൊരു കാര്യവുമില്ല, എങ്കിലും പ്രത്യേകമായ ഉത്തര വാദിത്വവും സ്ഥാനവുമുള്ളതായി ത്രിത്വം വെളിപ്പെടുത്തുന്നു. ത്രിത്വ ത്തിലേക്കുള്ള വഴി കീഴടങ്ങലാണ്. ത്രിത്വത്തിലുള്ളതു പോലെയുള്ള ഐക്യത ക്കുവേ യേശു പ്രാർ ത്ഥിച്ചു (യോഹന്നാൻ 17:20–24). കീഴടങ്ങൽ ത്യജിക്കു ന്നതുകൊാണ് നാം ഐക്യതയിൽ പരാജയപ്പെടുന്നത്. കീഴടങ്ങൽ കൂടാതെയുള്ള ഐക്യത പരിഹാസ്യമാണ്. ത്രിത്വത്തിന്റെ സ്വഭാവം തന്നെ കീഴ ടങ്ങൽ ആണ്. കീഴടങ്ങൽ അടിസ്ഥാനപരമായ ഒരു ബൈബിൾ തത്വമാണ്.

പുത്രൻ കീഴ്പ്പെട്ടു. "ക്രിസ്തുവിന്റെ തലയാണ് ദൈവം." പുത്രൻ പിതാ വിനു കീഴിലാണ്! തുല്യതയുടെ മദ്ധ്യത്തിൽ കീഴടങ്ങൽ ു്. പുത്രൻ വന്നത് പിതാവിന്റെ ഇഷ്ടം ചെയ്യുവാനാണ്. പുത്രൻ, രക്ത ത്തുള്ളികൾ പോലെ വിയർത്തുകൊ്, തോട്ടത്തിൽ വെച്ച് പ്രാർ ത്ഥിച്ചു, "നിന്റെ ഇഷ്ടം നടക്കേ ണമേ" (മത്തായി 26:39). യേശു തേജസ്കരിക്കുന്നതിനുമുൻപ് കീഴടങ്ങി യിരുന്നു (ഫിലിപ്പിയർ 2:5–11). എന്നേക്കും ഏറ്റവും വലിയ പ്രദർശനമായി രുന്നു ക്രൂശ്. യേശുവിന് ഒരു ക്രൂശുായിരുന്നു; എനിക്ക് ഒരു ക്രൂശു്.

അവൻ അവന്റെ ക്രൂശ് വഹിക്കേിയിരുന്നു; ഞാൻ എന്റേത് വഹിക്കണം. പൗലൊസ് ഈ തികഞ്ഞ, നിത്യമായ പ്രസ്താവന നടത്തി: "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കൊരിന്ത്യർ 11:3). നാം ഇതു സ്വീകരിക്കണം.

ആത്മാവു കീഴ്പ്പെട്ടു. "കാഴ്ച്ചക്കു-പിന്നിൽ-ഉള്ള" ത്രിത്വത്തിന്റെ അംഗമെന്ന നിലയിൽ, അവന്റെ ജോലി "അറിയപ്പെടാത്ത അവസ്ഥ" യിൽ ആയിരുന്നു. യേശു ആത്മാവിനെ നമ്മിലേക്ക് "അയച്ചു" (യോഹന്നാൻ 14:16, 26; 16:7–15). അപ്പൊസ്തലന്മാർക്ക് യേശു നൽകിയ വാഗ്ദാനങ്ങളെല്ലാം ആത്മാവിൽ നിറവേറപ്പെട്ടു. പുത്രനെ മഹത്വപ്പെടുത്തുക എന്നതാണ് ആത്മാവിന്റെ ജോലി. ശ്രദ്ധാകേന്ദ്രം അവനിൽ ആകുമ്പോൾ, അവൻ പരാജയപ്പെടുന്നു. ആത്മാവിന്മേൽ കാണിക്കുന്ന ഉപയോഗശൂന്യമായ പ്രവർത്തികൾ ആത്മാവിനെ ഇന്ന് ലജ്ജി പ്പി ക്കുന്നു. പുത്രനിൽ നിന്ന് വേറിട്ട് ആത്മാവിന്മേൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഏതൊരു ഉപദേശവും ദൈവദൂഷണമാണ്.

പിതാവ് കീഴ്പ്പെട്ടു. അവൻ ആകാശത്തിലും ഭൂമിയിലും സകല അധികാരവും പുത്രന് നൽകി (മത്തായി 28:18). സഭയിൽ എല്ലാറ്റിനും മീതെ പിതാവ് യേശുവിനെ തലയാക്കിവെച്ചു (എഫെസ്യർ 1:19–23). പിതാവിന്റെ വലത്തുഭാഗത്തിരുന്ന് പുത്രൻ വാഴുന്നു (എബ്രായർ 1:3; 1 പത്രൊസ് 3:22; പ്രവൃത്തികൾ 2:34–36; എബ്രായർ 12:2; കൊലൊസ്യർ 3:1). ലോകപരമായി പറഞ്ഞാൽ, പിതാവ് "ജോലിയെല്ലാം പുത്രനിൽ ആക്കി." മരണത്തെ കീഴ്പ്പെടുത്തുമ്പോൾ, യേശു രാജ്യം പിതാവിനു തിരിച്ച് ഏൽപ്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24–26). ''രാജ്യം" എന്ന വാക്ക് കീഴടങ്ങൽ ആവശ്യപ്പെടുന്നു. ത്രിത്വം കീഴടങ്ങലിൽ ഉ്.

### കീഴടങ്ങലും ജീവിതവും

ജീവിതത്തിന്റെ പ്രധാനപ്പെട്ടതാണ് കീഴടങ്ങൽ, *കാലയളവ്!* (1) നാമെല്ലാവരും എന്തിനെങ്കിലും കീഴ്പ്പെടും. നാം അത് അറിയണമെന്നില്ല; നമ്മൾ ഒരുപക്ഷെ അതു സമ്മതിച്ചില്ലെന്നും വന്നേക്കാം. മനുഷ്യർ തങ്ങളുടെ കാലുകളിൽ നിൽക്കുവാൻ, അവരെ മുട്ടിന്മേൽ നിൽക്കുമാറാക്കണം. "ആകയാൽ ദൈവത്തിന്ന് കീഴ്പ്പെടുവിൻ," യാക്കൊബ് പറഞ്ഞു (യാക്കോബ് 4:7). മനുഷ്യന് തന്റെ യജമാനനെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മാത്രമാണുള്ളത്. നമുക്ക് ദൈവത്തെ അല്ലെങ്കിൽ സാത്താനെ, ക്രിസ്തുവിനെ അല്ലെങ്കിൽ സ്വയേച്ഛയെ തിരഞ്ഞെടുക്കുവാൻ കഴിയും. നമ്മുടെ തിരഞ്ഞെടുപ്പിന് അനന്തരഫലങ്ങൾ ഉ് – അനുഗ്രഹങ്ങൾ അല്ലെങ്കിൽ ശാപങ്ങൾ. അമിത മായ അളവിൽ മരുന്നുപയോഗിച്ചതുനിമിത്തം പ്രസിദ്ധനായ ഒരാൾ മരിക്കുമ്പോൾ നാം ഞെട്ടിപ്പോകും. അയാൾ മയക്കുമരുന്നിന് കീഴ്പ്പെട്ടതുകൊാണ് അങ്ങനെ സംഭവിക്കുന്നത്. നമുക്ക് പണത്തിനും, ലൈംഗികതകക്കും, അഹങ്കാരത്തിനും, രാഷ്ട്രീയതിരുത്തലിനും, ജോലിക്കും, വിനോദരസങ്ങൾക്കും, വിഡ്ഢിത്തത്തിനും, അല്ലെങ്കിൽ നീതിക്കും കീഴ്പ്പെടുവാൻ കഴിയും. കീഴ്പ്പെടൽ ഒരു ദുഃഖമായി തീരുകയില്ല; അത് നമ്മുടെ ഏറ്റവും വലിയ അനുഗ്രഹമായി തീരാം. കീഴടങ്ങലിന് സ്വതന്ത്രമാക്കുവാനോ, അല്ലെങ്കിൽ അടിമപ്പെടുത്തുവാനോ കഴിയും. കീഴടങ്ങൽ സാമാന്യബുദ്ധിയുള്ളത് അല്ലെങ്കിൽ വിഡ്ഢി ത്തമുള്ളതാകാം.

(2) നിങ്ങൾ എന്തിലെങ്കിലും കീഴ്പ്പെടുമ്പോൾ, നിങ്ങൾ മറ്റു കാര്യങ്ങളെ തള്ളിക്കളയുകയാണ്. നിങ്ങൾ ഏകനായിരിക്കുവാൻ തീരുമാനിച്ചാൽ,

നിങ്ങൾക്ക് വിവാഹം കഴിക്കുവാൻ സാധ്യമല്ല. നിങ്ങൾ വിവാഹത്തിന് കീഴ്പ്പെടുമ്പോൾ, ഏകാന്തതയെ വിട്ടുകളയുന്നു. യുവാക്കളെ കീഴടങ്ങേതിനുള്ള കാരണത്തെ കുറിച്ചു നാം പഠിപ്പിക്കാത്തതുകൊ് അവരിൽ അക്രമ വാസന ഉാകുന്നു. ആർക്കെങ്കിലും അല്ലെങ്കിൽ എന്തിലെങ്കിലും ഒരാൾ തന്റെ സ്വയത്തെ കീഴ്പ്പെടുത്തുന്നതുവരെ ആരും പൂർണ്ണത കൈവരിക്കുന്നില്ല. അത് "രാഷ്ട്രീയമായി ശരി" ആയിരിക്കയില്ല, എന്നാൽ അത് ബൈബിൾപരമായ സത്യമാണ്. യേശുവിന് കീഴടങ്ങൽ അല്ലാതെ മറ്റൊരു പ്രതികരണവും യോജിച്ചതായിരുന്നില്ല. ഒരു മനുഷ്യനും അക്ഷരികമായി സ്വതന്ത്രനല്ല.

(3) സമൂഹം കീഴടങ്ങൽ ആവശ്യപ്പെടുന്നു. നിങ്ങൾ റോഡിന്റെ വലതുവശത്തുകൂടി മാത്രം വിയോടിക്കുകയോ ചുവന്ന ലൈറ്റിനുവേവി നിർത്തുകയോ ചെയ്യുന്നത് എന്തുകൊാണ്? സമൂഹത്തിന് അവകാശങ്ങൾ ഉ്. വ്യക്തിയുടെ അവകാശങ്ങളെ മറികടക്കുന്നതാണ് സമൂഹത്തിന്റെ അവകാശങ്ങൾ. നമ്മുടെ അക്രമത്തെ ഇതു വിശദീകരിക്കും. നാം നടപ്പിലാക്കുന്ന വ്യക്തിപരമായ അവകാശങ്ങൾ സമൂഹത്തെ തകർക്കുന്നു. കായിക വിനോദമത്സരങ്ങളിൽ റ്റീമുകൾ ഉ്. കളിക്കാർ ആ റ്റീമിനും, കോച്ചിനും, കളികൾക്കും കീഴ്പ്പെട്ടിരിക്കണം. വിവിധ താലന്തുകളുള്ള കളിക്കാർ പരാജയപ്പെടുന്നതു കാണുമ്പോൾ നമുക്ക് ഹൃദയവേദന ഉ ാ കു ന്നു - ചിലപ്പോൾ ദയനീയമായി പരാജയപ്പെടും - കാരണം അവർക്ക് ഒരു റ്റീമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. വലിയ കളിക്കാർ എപ്പോഴും റ്റീമായിട്ടാണ് കളിക്കുന്നത്.

അതുകൊ ാണ് "ഇസിമ്സ്" എന്ന പ്രത്യേകമായ ഉപദേശം തെറ്റും ഉപദ്രവകരവുമാകുന്നത്. അമിതമായ രാജ്യസ്നേഹം തെറ്റാണ്. വർഗ്ഗ സ്നേഹം തെറ്റാണ്. സ്ത്രീപക്ഷവാദവും തെറ്റാണ്. അടിസ്ഥാനപരമായി സ്ത്രീപക്ഷവാദികൾ ദൈവത്തെയും, മനുഷ്യരെയും, മതത്തെയും, സ്ത്രീകളെയും, വിവാഹത്തെയും, മക്കളെയും വെറുക്കുന്നു. അവരുടെ കോപം ഭയപ്പെടുത്തുന്നതാണ്. അവരിലുള്ള സ്വാതന്ത്ര്യം അവരെ അടിമകളാക്കി. സ്ത്രീക്ക് ദൈവം നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹമാണ് മാതൃത്വം, എങ്കിലും സ്ത്രീകൾ അതിനു കീഴ്പ്പെടേതായിട്ട്. ഒരു സ്ത്രീ ആയിരിക്കുന്നതിന്റെ സന്തോ ഷത്തെ സ്ത്രീ സമത്വവാദികൾ നഷ്ടമാക്കിയിരിക്കയാണ്. എന്റെ വിലപ്പെട്ട അമ്മ ഒരു സ്ത്രീ സമത്വവാദി ആയിരുന്നില്ല എന്നതിൽ ഞാൻ വളരെ അനുഗ്രഹീതയാണ്!

(4) മനുഷ്യൻ എല്ലാകാര്യത്തിലും തുല്യമാണെന്നുള്ള വാദം പ്രായോഗികമാകുന്നില്ല! എല്ലാവർക്കും തുല്യമായ പങ്കാണുള്ളത് എന്നതാണ് അതിലുള്ള ആശയം. വീട് കൈകാര്യം ചെയ്യുന്നതിൽ മാതാപിതാക്കളോടൊപ്പം കുട്ടികൾക്ക് തുല്യ പങ്കാളിത്വമില്ല. കുട്ടികളെ പഠിപ്പിക്കണം, "നിങ്ങൾക്ക് ഒരു അടുക്കളയിൽ ര് പാചകക്കാരനെ വെച്ചുകൊിരിക്കാൻ സാധ്യമല്ല." ര ു പേർ ഒരു കുതിരയെ ഓടിക്കുമ്പോൾ പോലും, ഒരാൾക്കുമുൻപിലാണ് മറ്റൊരാൾ ഇരിക്കുന്നത്. നിയന്ത്രണം ഒരാളുടേതു മാത്രമായിരിക്കും! ആരംഭം മുതൽ, ആരെങ്കിലും നയിക്കണമെന്നു ദൈവം അധികാരപ്പെടുത്തിയിരുന്നു. ജീവിതത്തിന്റെ അടിസ്ഥാന നിയമം ഉത്തരവാദിത്വമാണ്. "അധികാരത്തിലുള്ള പൈലറ്റ്" ആയിരിക്കും വിമാനം പറപ്പിക്കുന്നതിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. അയാളാണ് നിയന്ത്രിക്കുന്നത്. വിമാനത്തിന്റെ ഉടമസ്ഥനും ടിക്കറ്റ്-വാങ്ങിയവനും എല്ലാ ഉത്തരവാദിത്വവും പൈലറ്റിനെ ഏൽപ്പിക്കുന്നു. അമേരിക്കൻ പ്രസിഡന്റ് *എയർ ഫോഴ്സ് വൺ* എന്ന വിമാനത്തിൽ യാത്ര ചെയ്യുന്നു. അദ്ദേഹം അതിൽ കാലെടുത്തുവച്ചാൽ, പിന്നെ തന്നെയും ഫ്ളയി

റ്റിനെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളെയും പൈലറ്റിനെ ഏൽപ്പിക്കുമായിരുന്നു. നായകന്മാർ തങ്ങളുടെ അധികം മറ്റൊരാൾക്കു വിട്ടുകൊടുക്കണം; എന്നാൽ അവർ അങ്ങനെ ചെയ്യുമ്പോൾ, അവർ കീഴടങ്ങണം! നേതൃത്വത്തിന്റെ പ്രധാനപ്പെട്ട ഘട്ടമാണ് കീഴടങ്ങൽ. "തനിക്ക് നിയന്ത്രിക്കുവാൻ കഴിയാത്തതിന് അവന് ഒരിക്കലും ആജ്ഞ കൊടുക്കുവാനും കഴിയുകയില്ല." കീഴടങ്ങൽ സ്വയമായി ഉാകുന്നതാണ്; അത് അധികാരത്താൽ ഉാക്കാവുന്നതല്ല. ശക്തിക്കുവേിയാണ് കീഴടങ്ങുന്നത്, അല്ലാതെ ബലഹീനതക്കുവേിയല്ല. കീഴടങ്ങൽ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതല്ല.

(5) എഫെസ്യർ 5:21, 22-ൽ, "കീഴടങ്ങൽ" എന്നതിനുള്ള വാക്ക് സൈനിക ഉപയോഗത്തിലിരിക്കുന്ന വാക്കാണ്. "ബൂട്ട് ക്യാമ്പ്" എന്ന സൈനികർക്കുള്ള പരിശീലന ക്യാമ്പിൽ കീഴ്പ്പെടൽ പഠിപ്പിക്കുന്നു്. അധികാരം പ്രധാനമാണ്. അധികാരത്തെ ബഹുമാനിക്കുന്നത് പ്രാധാ ന്യമുള്ളതാണ്. നാം ദൈവത്തിനോട്, സഭയോട്, ഗവൺമെന്റിനോട്, നിയമത്തോട്, സമൂഹത്തോട്, മാതാപിതാക്കളോട്, അദ്ധ്യാപകരോട്, പ്രായമായവരോടു - അതെ, നാം എല്ലാത്തിനോടും കീഴ്പ്പെടണം! നാം എല്ലാവരും സ്ഥാനത്തിൻ കീഴിലാണ്. സമൂഹം അതു പഠിച്ചാൽ, നമ്മുടെ സ്കൂളുകൾ പോലും സുരക്ഷിതമായിരിക്കും. കീഴ്പ്പെടലി ല്ലെങ്കിൽ, ഒരു സൈന്യവും ഉാവില്ല.

### കീഴ്പ്പെടലും വിവാഹവും

ആത്മീയ നേതൃത്വത്തിൽ ഭവനത്തെ (സമൂഹത്തെയും) നയിക്കുവാൻ ദൈവം നിയോഗിച്ചിരിക്കുന്നത് പുരുഷനെയാണ്. ദൈവത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥയെ ഒരു വാക്കിൽ ചുരുക്കാം: "പുരുഷൻ." "പിതാക്കന്മാരെ, നിങ്ങളുടെ കുട്ടികളെ കോപിപ്പിക്കരുത്" (എഫെസ്യർ 6:4). തന്റെ കുടുംബത്തിനുവേി പിതാവാണ് ദൈവത്തോട് കണക്കു കൊടുക്കേത്. വിവാഹത്തിൽ, നമുക്ക് "ഉടമസ്ഥന്റെ കൈപ്പണി" (ബൈബിൾ) നോക്കാം. ജീവനെ സൃഷ്ടിച്ചതും ഭവനം ഉായതും സംബന്ധിച്ച് മനസ്സിലാക്കുവാൻ ഉൽപ്പത്തി 1-3 വായിക്കുക. ദൈവം ആദ്യം പുരുഷനെ സൃഷ്ടിച്ചു. എന്തുകൊാണെന്ന് നമുക്ക് അറിയില്ല, എന്നാൽ അവൻ അങ്ങനെ ചെയ്തു. ദൈവം സ്ത്രീയെ പുരുഷനിൽ നിന്നാണ് രൂപപ്പെടുത്തിയത്. തന്നോടുള്ള ബന്ധത്തിൽ ജീവിക്കുവാനാണ് ദൈവം പുരുഷനേയും സ്ത്രീയേയും സൃഷ്ടിച്ചത്. ഉൽപത്തി വെളിപ്പെടുത്തുന്നതു സ്ത്രീയെ പുരുഷനുവേിയാണ് സൃഷ്ടിച്ചത് എന്നും, സ്ത്രീ പുരുഷനിൽ നിന്നാണ് ഉായി, സ്ത്രീയെ പുരുഷന്റെ അടുക്കൽ കൊുവന്നു, സ്ത്രീക്ക് പുരുഷൻ പേരിട്ടു എന്നും, സ്ത്രീ പുരുഷനെ ആഹ്ളാദിപ്പിക്കുകയും ചെയ്തു എന്നാണ്! ഭൂമിയിലെ ഏറ്റവും *വ്യത്യസ്തമായ* രു സൃഷ്ടികളാണ് സ്ത്രീയും പുരുഷനും. അവരെ *രു പേരെയും* ഒന്നാക്കി തീർക്കുവാൻ ദൈവത്തിനുമാത്രമെ കഴിയുന്നുള്ളൂ (ഉൽപത്തി 2:24; മത്തായി 19:5)! കീഴ്പ്പെടൽ കൂടാതെ വിവാഹം വിജയിക്കുകയില്ല (എഫെസ്യർ 5:22-33). യേശു സഭക്കുവേി മരിച്ചുകൊ് അതിനു കീഴ്പ്പെട്ടു; പിന്നീട് സഭയുടെ തലയായ, ക്രിസ്തുവിന് സഭ കീഴ്പ്പെടുന്നു. കുടുംബജീവിതത്തിന്റെ ആവശ്യങ്ങളോടു ഭർത്താക്കന്മാർ പൂർണ്ണമായും കീഴ്പ്പെടുന്നു; ആ കീഴ്പ്പെടലിനോടു ഭാര്യമാർ സന്തോഷത്തോടെ കീഴ്പ്പെടുന്നു. വിവാഹമെന്നത് അന്യോന്യമുള്ള കീഴ്പ്പെടലാണ്. സ്ത്രീയെയും പുരുഷനെയും അന്യോന്യം ആവശ്യമുള്ളതുകൊാണ് സൃഷ്ടിച്ചിരിക്കുന്നത്. അവർ പിരിഞ്ഞിരിക്കുന്നതിനേ

ക്കാൾ ശ്രേഷ്ഠമായതു ചെയ്യുവാൻ ഒന്നിച്ചു കഴിയണം. ആണോട് ആൺ, അല്ലെങ്കിൽ പെണ്ണോട് പെൺ എന്നുള്ളത്, തലതിരിഞ്ഞുള്ള ഏർപ്പാടാണ്.

എന്റെ ഡാഡി എന്നോടു പറഞ്ഞു, "നിന്നെക്കാൾ മുകളിൽ ഉള്ളവരെ വിവാഹം കഴിക്കുക." ഞാൻ അങ്ങനെ ചെയ്തു. എന്റെ ഭാര്യ, ഹെലൻ, എന്നെക്കാൾ ശ്രേഷ്ഠയാണ്. അവൾ എന്നിൽ നിന്ന് പഠിച്ചതിനെക്കാൾ കൂടുതൽ ഞാൻ അവളിൽനിന്നു പഠിച്ചു. ഞാൻ എന്റെ ജീവിതവും, എന്റെ എല്ലാം, അവൾക്കു കൊടുക്കുവാൻ ഏകാന്തതയെ ഉപേക്ഷിച്ചു. തന്റെ ഭാര്യക്കു ഉയർന്ന ബഹുമാനം കൊടുക്കുവാൻ കഴിയാത്ത പുരുഷനിൽ ഞാൻ സഹതപിക്കുന്നു! സ്ത്രീകളിൽ നിന്ന് നാം കൂടുതൽ പ്രതീക്ഷിക്കുന്നു! നല്ല പങ്കാളികൾ സന്തോഷത്തോടെ തമ്മിൽ തമ്മിൽ കീഴ്പ്പെടുന്നു. ഹെലൻ എന്റെ പേർ സ്വീകരിക്കുകയും ഞങ്ങളുടെ കുട്ടികൾക്ക് ജന്മം നൽകുകയും ചെയ്തു. അപ്പോഴും, എനിക്ക് ഉത്തരവാദിത്വമുണ്ട്. ഞാൻ അവൾക്കുവേയും, എന്റെ കുടുംബത്തിനുവേയും മരിക്കും. ഞാൻ ആത്മീയമായി നയിക്കുകയും, കുടുംബത്തിന്റെ തലയായിരിക്കുകയും ചെയ്യുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഞാൻ എന്റെ കുടുംബത്തെയും അവളെയും സ്നേഹിക്കണം. എങ്ങനെ *കീഴ്പ്പെട്ട്* മറ്റുള്ളവരെ *സേവിക്കണ*മെന്ന് പഠിക്കുന്നതുവരെ ആരും സ്വതന്ത്രരല്ല.

### കീഴടങ്ങലും സന്തോഷവും

ലോകം യേശുവിലുള്ള ഒന്നും മഹത്തായി പരിഗണിച്ചിട്ടില്ല. "... യേശു, ... തന്റെ മുൻപിൽ വെച്ച സന്തോഷം നിമിത്തം അവൻ ക്രൂശിനെ സഹിച്ചു" (എബ്രായർ 12:2). സന്തോഷവും ഒരു ക്രൂശും? സന്തോഷവും കീഴ്പ്പെടലും. മിഷ്ണറിമാർക്ക് അത്രമാത്രം സന്തോഷിക്കുവാൻ കഴിയുന്നതെങ്ങനെ? പാവപ്പെട്ടവരെ സേവിക്കുന്നവരിലേക്കും അല്ലെങ്കിൽ വർഷങ്ങളോളം സുഖമില്ലാതെ കിടക്കുന്ന തങ്ങളുടെ പങ്കാളികളെ കരുതുന്നവരിലേക്കും എങ്ങനെ സന്തോഷം കടന്നുവരും? *കീഴടങ്ങൽ!* ഒരു ബന്ധത്തിനു നിങ്ങൾ പൂർണ്ണമായി സമർപ്പിക്കപ്പെട്ടില്ലെങ്കിൽ, നിങ്ങൾ അതു നശിപ്പിക്കുകയാണ്. കീഴടങ്ങുന്നവർക്കു മാത്രമേ സന്തോഷത്തിൽ ജീവിക്കുവാൻ കഴിയുകയുള്ളൂ. "ഭാര്യയാൽ-ഭരിക്കപ്പെടുന്ന സന്തോഷമുള്ള ഭർത്താവിനെ," അല്ലെങ്കിൽ "സന്തോഷത്തോടെ ഭരിക്കുന്ന-ഭാര്യയെ" നിങ്ങൾ ഒരിക്കലും കിരിക്കയില്ല. *കീഴ്പ്പെട്ട് ജീവിക്കുക!*

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പുകൾ

[1]മൈക്കൽ പി. ഗ്രീൻ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ ബൈബ്ളിക്കൽ പ്രീച്ചിങ്ങ്* (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1989), 341. [2]ഉദ്ധരിച്ചിരിക്കുന്നത് ഫ്രാങ്ക് എസ്. മേഡ്, എഡി. ആന്റ് കമ്പ്., *ദ എൻസൈ ക്ളോപീഡിയ ഓഫ് റിലീജിയസ് ക്വൊട്ടേഷൻസ്* (ഓൾഡ് റ്റാപ്പാൻ, എൻ. ജെ.: സ്പയർ ബുക്സ്, ഫ്ളെമിങ് എച്ച്. റെവെൽ കൊ., 1965), 106.